**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*549 | 27.07.2015 -ലെ മറുപടിയ്ക്ക്

## 'റൂസ' പദ്ധതി പ്രകാരമുള്ള കേന്ദ്ര സഹായം

*ചോദ്യം*
ശ്രീ.കെ. എൻ. എ. ഖാദർ
,, എൻ . എ. നെല്ലിക്കുന്ന്
,, റ്റി. എ. അഹമ്മദ് കബീർ
,, വി. എം. ഉമ്മർ മാസ്റ്റർ

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ വളരെയേറെ മാറ്റങ്ങൾ ഉണ്ടാക്കാൻ സാഹചര്യമൊരുക്കുന്ന 'റൂസ ' പദ്ധതിയുടെ പ്രയോജനം പരമാവധി ലഭിക്കാൻ തക്കവിധം ആ മേഖലയിലെ വിദഗ്ധരുടെ സഹായത്താൽ കേന്ദ്ര മാനദണ്ഡപ്രകാരം പ്രോജക്ടുകൾ തയ്യാറാക്കി കേന്ദ്ര സഹായം പരമാവധി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (എ) | സ്വീകരിച്ചിട്ടുണ്ട്. റിസർച്ച് ആന്റ് ഇന്നോവേഷൻ ഘടകത്തിൽ റൂസ മിഷന്റെ നിർദ്ദേശപ്രകാരം വിദഗ്ദ്ധ സഹായത്താൽ പ്രോജക്ടുകൾ തയ്യാറാക്കി വരുന്നു. ഗുണമേന്മ വർദ്ധിപ്പിക്കുവാൻ, അക്രഡിറ്റേഷൻ നിർബന്ധമാക്കി, സ്വയംഭരണ കോളേജുകൾ അനുവദിച്ചു, സി. ബി. സി. എസ്. എസ്. **(Choice Based Credit and Semester System)** ഭംഗിയായി നടപ്പിലാക്കുകയും ചെയ്തു. റൂസയുടെ പ്രൊഫസർമാരടങ്ങുന്ന എക്സ്പേർട്ട് പാനലിന്റെ സഹായത്തോടെ പദ്ധതികൾ തയ്യാറാക്കി വരുന്നു. റൂസ പദ്ധതിയുടെ ഭാഗമായി നടപ്പ് പഞ്ചവത്സര പദ്ധതി കാലയളവിൽ 15 സർക്കാർ കോളേജുകൾക്ക് രണ്ട് കോടി രൂപ വീതവും നാല് യൂണിവേഴ്സിറ്റികൾക്ക് 20 കോടി രൂപ വീതവും നൽകാൻ റൂസ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ